ഹരിതകേരളം മിഷൻ
കേരള സർക്കാർ

13.08.2019

## പത്രക്കുറിപ്പ്

# ദുരന്തമേഖലകളിൽ ഹരിതകേരളം മിഷന്റെയും നൈപുണ്യ കർമ്മസേനയുടെയും സേവനം സജീവം

ഉരുൾപൊട്ടലും പ്രളയവും നാശം വിതച്ച മലപ്പുറം, കാസർഗോഡ്, വയനാട്, ഇടുക്കി, കോഴിക്കോട്, ആലപ്പുഴ, തൃശൂർ, എറണാകുളം ജില്ലകളിൽ ഗാർഹിക, ഉപകരണ അറ്റകുറ്റ പണികൾക്കായി ഹരിതകേരളം മിഷനും തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വ്യാവസായി പരിശീലന വകുപ്പിന്റെ നൈപുണ്യ കർമ്മസേനയും വീണ്ടും രംഗത്തിറങ്ങി. 2018ൽ പ്രളയാനന്തര ശുചിത്വ-മാലിന്യ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ ഐ.ടി.ഐ. കളിലെ അധ്യാപകരേയും വിദ്യാർത്ഥികളേയും ഉൾപ്പെടുത്തി വ്യാവസായിക പരിശീലന വകുപ്പ് സംഘടിപ്പിച്ച സ്ഥിരം സംവിധാനമാണ് നൈപുണ്യ കർമ്മസേന. വയർമാൻ, പ്ലംബിംഗ്, ഇലക്ട്രീഷ്യൻ, വെൽഡിംഗ്, കാർപ്പെന്ററി ട്രേഡുകളിലെ ട്രെയിനികളും ഇൻസ്ട്രക്ടർമാരും ദുരന്തബാധിത സ്ഥലങ്ങളിലെ വീടുകളിലെത്തി അറ്റകുറ്റപ്പണികളും ഉപകരണങ്ങളുടെ റിപ്പയർ ജോലികളും നിർവഹിക്കും. കാസർഗോഡ്, കണ്ണൂർ, മലപ്പുറം ജില്ലകളിൽ നൈപുണ്യ കർമ്മസേന ഇതിനകം തന്നെ പ്രവർത്തനം ആരംഭിച്ചു. ഹരിതകേരളം മിഷനിലെ അതാത് ജില്ലാ കോർഡിനേറ്ററും ഐ.ടി.ഐ.കളിൽനിന്നും ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ള നോഡൽ ഓഫീസർമാരും ഇതിന് നേതൃത്വം നൽകും. വൈദ്യുതീകരണ പ്രവർത്തനങ്ങൾ, സ്വിച്ച് ബോർഡുകൾ, ഡിസ്ട്രിബ്യൂഷൻ ബോർഡ് എന്നിവ മാറ്റി സ്ഥാപിക്കൽ, പമ്പ്സെറ്റുകൾ പ്രവർത്തന സജ്ജമാക്കൽ, കാർപ്പെന്ററി ജോലികൾ എന്നിവയാണ് പ്രധാനമായും സന്നദ്ധ സേവനമായി നടത്തുന്നത്. ഇന്നു മുതൽ (14.08.2019) ആവശ്യമുള്ളിടത്തൊക്കെ നൈപുണ്യ കർമ്മസേനയുടെ സേവനം ലഭ്യമാക്കി തുടങ്ങും. ഇതു സംബന്ധിച്ച് ഹരിതകേരളം മിഷൻ സംസ്ഥാന ഓഫീസിൽ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ.സീമയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് ഇതു സംബന്ധിച്ച് തീരുമാനമെടുത്തത്. വ്യാവസായിക പരിശീലന വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ. പി.കെ. മാധവനും മറ്റു ഉന്നത ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു. രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ വിവിധ ജില്ലകളിൽ ഹരിതകേരളം മിഷൻ ഇപ്പോൾ കർമ്മനിരതമാണ്. ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർ വീടുകളിൽ എത്തുന്ന മുറയ്ക്ക് നൈപുണ്യ കർമ്മസേന സേവനത്തിന് എത്തും.

(ഒപ്പ്)

**ഡോ.ടി.എൻ സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in